12898
4/7/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-വിദ്യാജ്യോതി- അംഗപരിമിത വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവയ്ക്കായി ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 52,50,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ) നം.370/2018/സാ.നീ.വ തിരുവനന്തപുരം, തീയതി 22.6.2018

പരാമർശം- 1. സ.ഉ(സാധാ) നം.334/2017/സാ.നീ.വ തീയതി 1.6.2017

2. 12.4.2018 ലെ സാമൂഹ്യനീതി ഡയറക്ടറുടെ D6-16497/17 നമ്പർ കത്ത്

3. 17.5.2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് യൂണിഫോമും പഠനോപകരണങ്ങളും വാങ്ങുന്നതിനായി ധനസഹായം നൽകുന്ന വിദ്യാജ്യോതി പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 67,20,000/- രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. നടപ്പ സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പാക്കുന്നതിലൂടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന്, ഒൻപതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം 52,50,000/- രൂപ അനുവദിക്കണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

| Sl.No | Courses/Class | Financial Assistance | |
|---|---|---|---|
| | | Study Material | Uniforms |
| 1. | 9th to 10th Std | 1000 x 50x 14=7,00,000/- | 1500 x30 x14=6,30,000/- |
| 2. | +1, +2, ITI, Polytechnic, VHSE | 2000 x50x 14=14,00,000/- | 1500 x30 x14=6,30,000/- |
| 3. | Degree/Diploma/Professional Courses | 3000 x25x 14=10,50,000/- | - |
| 4. | Post Graduation | 3000 x20x 14=8,40,000/- | - |
| | Total | 39,90,000/- | 12,60,000/- |

പരാമർശം 3 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

ഈ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം ഒൻപതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 39,90,000/- രൂപയും യൂണിഫോം വാങ്ങുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 12,60,000/- രൂപയും ഉൾപ്പെടെ 52,50,000/- രൂപ (അൻപത്തി രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) മേൽ പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിലെ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്(Item no 3)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ